(എ) തിരുവല്ല റവന്യൂ സബ്ഡിവിഷന്റെ വിസ്തീർണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) റാന്നി താലൂക്കിന്റെ വിസ്തീർണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) റവന്യൂ ആസ്ഥാനമായ തിരുവല്ലയിൽ നിന്നും റാന്നി താലൂക്കിന്റെ കിഴക്കൻ പ്രദേശമായ പമ്പാവാലി, സീതത്തോട്, പച്ചക്കാനം, കൊച്ചുപമ്പ, ശബരിമല തുടങ്ങിയ സ്ഥലങ്ങളിലേക്ക് എത്ര കിലോമീറ്റർ ദൂരമുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും ശബരിമല തീർത്ഥാടനം സുഗമമാക്കാനും റാന്നി കേന്ദ്രമാക്കി റവന്യൂ സബ്ഡിവിഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 137069 ഹെക്ടർ.

(ബി) 104991 ഹെക്ടർ.

(സി) തിരുവല്ലയിൽ നിന്ന് പമ്പാവാലി വരെ 61 കിലോമീറ്ററും, സീതത്തോടു വരെ 65 കിലോമീറ്ററും, പച്ചക്കാനം വരെ 132 കിലോമീറ്ററും കൊച്ചു പമ്പവരെ 125 കിലോമീറ്ററും ശബരിമല വരെ 96 കിലോമീറ്ററും ദൂരം ഉണ്ട്.

(ഡി) തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ

43 [5689] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഇപ്പോൾ ആകെ എത്ര കിലോമീറ്റർ റോഡുകളാണുള്ളത്;

(ബി) ഈ റോഡിന്റെ മെയിന്റനൻസിനു വേണ്ടി ഏകദേശം എത്ര രൂപയാണ് വകയിരുത്തുന്നത്;

(സി) പഞ്ചായത്തുകളിൽ നിന്നും ഇപ്പോൾ റോഡ് ഏറ്റെടുക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) 21347.385 കി. മീറ്റർ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2003-04 വർഷത്തെ ബഡ്ജറ്റിൽ 174.71 കോടി രൂപയാണ് മെയിന്റനൻസിനുവേണ്ടി വകയിരുത്തിയിട്ടുള്ളത്.

(സി, ഡി) പഞ്ചായത്തുകൾ രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുക്കുന്നുണ്ട്.

എം. സി. റോഡ് വികസനം

44 [5691] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ എം. സി. റോഡ് വികസന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിന്റെ ലോകബാങ്ക് സഹായം എത്രയാണെന്ന് പറയാമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ്; ഇതിന്റെ കൺസൾട്ടൻസി ഫീസ് എത്രയാണ്;

(ഡി) റോഡ് വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, അടൂർ, മാവേലിക്കര, ചെങ്ങന്നൂർ, മൂവ്വാറ്റുപുഴ, കാലടി, പാലാ എന്നിവിടങ്ങളിലെ റോഡുകളുടെ അതിർത്തിയും റോഡിന്റെ അലൈൻമെന്റും നിശ്ചയിച്ചിരുന്നുവോ; എങ്കിൽ വിശദ വിവരം നൽകുമോ;

(ഇ) റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് ആദ്യം നിർണ്ണയിച്ച അതിർത്തികളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ഇപ്രകാരം മാറ്റം വരുത്തിയിട്ടുള്ളത്; ആദ്യം നിർണ്ണയിച്ച അതിർത്തിയിൽ മാറ്റം വരുത്തിയതിൽ വ്യാപകമായ മാറ്റം വരുത്തിയിട്ടുള്ളതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിന് ഉത്തരവിടുമോ?

ഉത്തരം

(എ) തിരുവനന്തപുരം തൈക്കോട് മുതൽ അങ്കമാലി വരെയുള്ള എം. സി. റോഡ് അപ്ഗ്രഡേഷനിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ തൈക്കോട്-കൊട്ടാരക്കര-അടൂർ-ചെങ്ങന്നൂർ-മൂവ്വാറ്റുപുഴ-അങ്കമാലി റോഡുകളുടെ പണികൾ പ്രാരംഭഘട്ടത്തിലാണ്. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് റോഡുകളുടെ കരാർ നടപടികൾ നടന്നു വരുന്നു.

(ബി) 215 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly